"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തസ്തിക നിർണ്ണയം 2022-2023 - മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

G.O(Rt) No. 4441/2022/GEDN തീയതി,തിരുവനന്തപുരം, 01-08-2022

പരാമർശം:- 1. 18.04.2022 ലെ സ.ഉ (അച്ചടി ) നമ്പർ.5/2022/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള 20.04.2022 ലെ എസ്.ആർ.ഒ 375 നമ്പർ ഗസറ്റ് വിജ്ഞാപനം.

2. 2022 ലെ റിട്ട് ഹർജി 17406, 17413 & 17542 എന്നിവയിൽ 06.06.2022 തീയതിയിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.

3. 2022 ലെ റിട്ട് ഹർജി 17406, 17413 & 17542 എന്നിവയിൽ 13.07.2022 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

4. 2022 - 2023 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 21.07.2022 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

**ഉത്തരവ്**

കെ.ഇ.ആർ അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിൽ അധ്യായം XXIII ചട്ടം 12 ൽ തസ്തിക നിർണ്ണയം പൂർത്തീകരിക്കേണ്ട സമയപരിധി നിശ്ചയിക്കുകയും ചെയ്തു. പരാമർശം (1) ലെ ചട്ട ഭേദഗതി ഉത്തരവ്, ബഹു. ഹൈക്കോടതി പരാമർശം (2) ലെ ഇടക്കാല ഉത്തരവിലൂടെ സ്റ്റേ ചെയ്യുകയും, തുടർന്ന് ചട്ട ഭേദഗതി ഉത്തരവ് അംഗീകരിച്ചു കൊണ്ട് 13.07.2022 തീയതിയിൽ പരാമർശം (3) പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പരാമർശം (1) പ്രകാരം നടപ്പിലാക്കിയ ചട്ട ഭേദഗതിയ്ക്കനുസൃതമായിട്ടായിരുന്നു 2022-2023 ലെ തസ്തിക നിർണ്ണയ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. തസ്തിക നിർണ്ണയം 31.07.2022 തീയതിയിൽ പൂർത്തീകരിക്കുവാൻ സർക്കാർ

നിർദേശം നൽകിയിരുന്നു. എന്നാൽ പരാമർശം (2) ലെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നതിനാലും, കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 13.07.2022 തീയതിയിൽ ബഹു. കോടതിയുടെ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷമാണ് തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ പൂർണ്ണമായും ആരംഭിക്കാൻ സാധിച്ചത്. ആയതിനാൽ സർക്കാർ നിഷ്കർഷിച്ച സമയ പരിധിയ്ക്കുള്ളിൽ തസ്തിക നിർണ്ണയം പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല എന്നും, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി സമയ പരിധി ദീർഘിപ്പിച്ചു നൽകുന്ന വിഷയം പരിശോധിക്കണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. 2022-2023 ലെ തസ്തിക നിർണ്ണയത്തിന് 15.07.2022 തീയതി പ്രാബല്യം നൽകിക്കൊണ്ടും, ബന്ധപ്പെട്ട ചട്ടങ്ങളിൽ താത്ക്കാലികമായി ഇളവുകൾ നൽകിക്കൊണ്ടും, തസ്തിക നിർണ്ണയനടപടികൾ പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം താഴെ പറയും പ്രകാരം പുനഃക്രമീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12(3) പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് പ്രാബല്യത്തിൽ വരുന്ന തീയതി ജൂലൈ - 15 ആണെങ്കിലും, 2022-23 വർഷത്തെ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള സമയം 2022 ആഗസ്റ്റ് 20 വരെ ദീർഘിപ്പിക്കുന്നു.

ii. കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12 (4) പ്രകാരം അധിക ഡിവിഷൻ/തസ്തികകൾ സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർമാർ - പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ശിപാർശ നൽകുന്നതിനുള്ള സമയ പരിധി 2022 ആഗസ്റ്റ് 20 വരെ ദീർഘിപ്പിക്കുന്നു.

iii. കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12 (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന അടുത്ത പരിശോധനക്ക് ശേഷം സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കാനുള്ള തീയതി 20/09/2022 വരെ ദീർഘിപ്പിക്കുന്നു.

iv. കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12(6) പ്രകാരം തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 31/10/2022 വരെ സമയം അനുവദിക്കുന്നു.

3. 9, 10 ക്ലാസുകളിൽ തസ്തിക നഷ്ടം വരുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി അനുവദിച്ചിരുന്ന ഇളവായ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം 1:40 എന്നത് ഇനി തുടരേണ്ടതില്ല.

4. പുനഃക്രമീകരിച്ച സമയ പരിധിയ്ക്കുള്ളിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ